# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.493 — 29.06.2011-ൽ മറുപടിയ്ക്ക്

...പ്പെട്ട രോഗികൾക്ക് ചികിത്സയ്ക്ക് നൽകുന്ന ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | **ശ്രീ. അടൂർ പ്രകാശ്** (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ...പ്പെട്ട രോഗികൾക്ക് ഏതെല്ലാം ധനസഹായങ്ങളാണ് ഇപ്പോൾ സർക്കാർ തലത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ആരോഗ്യ വകുപ്പ് മന്ത്രി ചെയർമാൻ ആയിട്ടുള്ള സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ (SMAP) എന്ന പദ്ധതിയിലൂടെയും ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിലൂടെയുമാണ് പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നത് |
| (ബി) ഏതെല്ലാം രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായത്തിന് അർഹതയുണ്ടെന്നും എന്തു തുക വീതം നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ; | ബി | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന രോഗങ്ങളുടെ പേരും അനുവദിക്കുന്ന തുകയും താഴെ കൊടുക്കുന്നു.<br>1) ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ - 20,000/-<br>2) മസ്തിഷ്ക ശസ്ത്രക്രിയ - 20,000/-<br>3) വൃക്കമാറ്റി വയ്ക്കൽ ശസ്ത്രക്രിയ - 20,000/-<br>4) തൊറാസിക് ശസ്ത്രക്രിയ - 20,000/-<br>5) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ - 20,000/-<br>6) ആൻജിയോപ്ലാസ്റ്റി ... |

| | | | |
|---|---|---|---|
| | | | 8) ഡയാലിസിസ്-10,000/<br>9) ക്യാൻസർ- -10,000/-<br>10) അസ്ഥി സംബന്ധമായ<br>ശസ്ത്രക്രിയ- -10,000/-<br>(എ) ട്യൂമർ സെക്ഷനും പ്രോസ്തസിസും.<br>(ബി) ലംബാർ തൊറാസിക് വെർട്ടിബ്രകളിലെ ട്യൂമർ.<br>II സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് റ്റു ദി പുവർ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത എല്ലാ രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ നിന്നും ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റോടു കൂടി ലഭിക്കുന്ന എല്ലാ അപേക്ഷകർക്കും ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധി ധനസഹായം പദ്ധതിയിൽ നിന്നും 2000/- രൂപ വീതം അനുവദിച്ച് വരുന്നു. |
| സി) | ഏതെല്ലാം ആശുപത്രികളിലെ ചികിത്സകൾക്കാണ് ധനസഹായത്തിന് അർഹതയുള്ളത് ; | സി) | ( 1 ) കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകൾ<br>( 2 ) ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം.<br>(3 ) റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം<br>(4 ) ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി, പെരിന്തൽമണ്ണ.<br>( 5 ) സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി കൊച്ചി.<br>( 6 ) മലബാർ ക്യാൻസർ സെന്റർ. തലശ്ശേരി, കണ്ണൂർ<br>( 7 ) സഹകരണ ഹൃദയാലയ. പരിയാരം, കണ്ണൂർ.<br>( 8 ) ജനറൽ ആശുപത്രി, എറണാകുളം.<br>കൂടാതെ ഐ.സി.എച്ച് കോട്ടയം ഐ.എം.സി.എച്ച്, കോഴിക്കോട്, എസ്.എ.റ്റി, തിരുവനന്തപുരം എന്നീ ആശുപത്രികളിലെ ചികിത്സയ്ക്കും ശസ്ത്രക്രിയ്ക്കുമാണ് സൊസൈറ്റിയിൽനിന്നും. |

| | | | |
|---|---|---|---|
| ഡി | ജില്ലാ ആശുപത്രികളെ കൂടി ഇവയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി | SMAP ധനസഹായം നൽകുന്നതിന് ജില്ലാ ആശുപത്രികളെ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് 13 അംഗങ്ങൾ ഉൾപ്പെടുന്ന ഗവേണിംഗ് ബോഡിയാണ്. ജില്ലാ ആശുപത്രികളെകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| ഇ | കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് തുടർ ചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ | തുടർ ചികിത്സയ്ക്കുള്ള ധനസഹായത്തിന്റെ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ